

# ഡിജിറ്റൽ

# മാഗസിൻ



# ഡിജിറ്റൽ എയ്ജ്



# ആമുഖം

ഭാവനയുടെ മേമ്പൊടി ചേർക്കുമ്പോൾ കഥയും കവിതയും ചിത്രങ്ങളും കൂടുതൽ മനോഹരമാകും. സാഹോദര്യത്തിന്റെയും സ്നേഹത്തിന്റെയും പ്രതീകമായ രചനകളാണ് ഈ പുസ്തകത്തിലുള്ളത്. അതുകൊണ്ട് തന്നെ വിദ്യാർത്ഥികൾക്ക് ഉൾക്കാഴ്ച്ച ഉണ്ടാകാൻ “ ” എന്ന മാഗസിന് കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

ലിബി . ടി . എസ്

എസ് . എം . എച്ച് . എസ്

# ഉള്ളടക്കം

1.മടിയനായ അണ്ണാൻ..............................................
2.ചന്തുവും ചിന്നവും..................................................
3.ബുദ്ധിശാലിയായ നരി.............................................
4.അഹങ്കാരിപ്പൂച്ച........................................................
5.തവളയുടെ ബുദ്ധി....................................................
6.കുഞ്ഞിത്താറാവും കുഞ്ഞിക്കോഴിയും...........................
7.മഹാപ്രളയം............................................................
8.തീരം തേടി.............................................................
9.മഴയെന്ന മായപ്പൊന്മാൻ..........................................
10.വധശിക്ഷ..............................................................
11.പ്രളയാനന്തരം.......................................................
12.പടിയിറങ്ങുമ്പോൾ................................................
13.കാട്ടിലെ പോരാട്ടം.................................................
14.കച്ചവടക്കാരന്റെ കഴുത............................................
15.മുതലയെ പാഠം പടിപ്പിക്കുന്ന...................................



# 1.മടിയനായ അണ്ണാൻ

പണ്ട് ഒരു മരത്തിൽ മടിയനായ അണ്ണാൻ ഉണ്ടായിരുന്നു.അണ്ണാൻ താമസിച്ചിരുന്നത് ഒരു മാവിൻമേലാണ്. ആ മാവിന്റെ മുകളിലെ കൊമ്പിൽ ഒരു പഴുത്തമാങ്ങ ഉണ്ട്. ആ മാങ്ങ തിന്നാൻ അണ്ണാന് കൊതിയുണ്ട്.

അണ്ണാന് മുകളിലോട്ട് കയറുവാൻ മടിയാണ്. അണ്ണാന്റെ ക്കൂട്ടുകാരനായ മഞ്ഞക്കിളി പറന്നുവന്നു മാവിൻ കൊമ്പത്തിരുന്നു. അപ്പോൾ മഞ്ഞക്കിളി ആ പഴുത്ത മാങ്ങ കണ്ടു. അവൻ കൊത്തി കൊത്തി തിന്നാൻ തുടങ്ങി.

അണ്ണാൻ തിരിഞ്ഞു നോക്കിയപ്പോൾ തന്റെ ക്കൂട്ടുകാരനായ മഞ്ഞക്കിളി മാങ്ങ മുഴുവൻ തിന്നുന്നതാണ് കണ്ടത്.

അപ്പോൾ അണ്ണാന് അവന്റെ മടിയെപ്പറ്റി മനസ്സിലായി. മടിപിടിച്ചാൽ ആഗ്രഹിച്ചതൊന്നും കിട്ടില്ല.

*റോസ് മേരി*



# 2.ചന്തുവും ചിന്നുവും

ഒരു ചെറുഗ്രാമത്തിലെ കുടിലിൽ ചിന്നുവും ചന്തുവും എന്ന പേരുള്ള രണ്ട് കുട്ടികൾ ഉണ്ടായിരുന്നു.

ചന്തു മൂത്ത കുട്ടിയും ചിന്നു ഇളയ കുട്ടിയുമായിരുന്നു.

അവർ ഇരുവർക്കും പഴങ്ങൾ വളരെ ഇഷ്ടമായിരുുന്നു.ഒരു ദിവസം അവർ കാട്ടിലേക്ക് യാത്ര പോയി. അവർ ഇരുവരും നടന്ന് നടന്ന് ഒരു പുഴയുടെ അരികിൽ എത്തി. പുഴയുടെ അരികിൽ ഒരു വലിയ പഴത്തോട്ടം കണ്ടു. അവർ ഇരുവരുടെയും മുന്നിൽ രണ്ട് വഴികളുണ്ടായിരുന്നു.

ചന്തു പറഞ്ഞു നമ്മുക്ക് ആദ്യം ഒന്നാമത്തെ വഴിയിലൂടെ പോകംമെന്ന്.അപ്പോൾ ചിന്നു പറഞ്ഞു നമ്മുക്ക് രണ്ടാമത്തെ വഴിയിലൂടെ പോകാം.

ചന്തു അവളെ പറഞ്ഞു മനസ്സിലാക്കി. “ആ വഴി വളരെ അപകടം പിടിച്ചതാണ്".

അത് പറഞ്ഞത് ചിന്നുവിനു ഇഷ്ടമായില്ല. ചിന്നു ചന്തുവിനോട് തല്ലുകൂടുവാൻ തുടങ്ങി.

അവർ ഇരുവരും വഴക്കിട്ട് ഓരോരുത്തരും പറഞ്ഞ വഴികളിലൂടെ പോയി. ചന്തു പോയ വഴി ആദ്യം ദുർഘടം പിടിച്ചതും കല്ലും മുള്ളും നിറഞ്ഞതായിരുന്നു. ഉള്ളില്ലോട്ട് ചെല്ലുംതോറും ചന്തുവിന്റെ വഴി
ഭംഗിയുള്ളതും പൂന്തോട്ടങ്ങൾ നിറഞ്ഞതും ആയിരുന്നു. എന്നാൽ

ചിന്നുവിന്റെ വഴിയുടെ തുടക്കം ഭംഗിയുള്ളതായിരുന്നെങ്കിലും ഉള്ളിലോട്ട് ചെല്ലുംതോറും കാടു പിടിച്ച് കല്ലും മുള്ളും നിറഞ്ഞതായിരുന്നു.

ചിന്നു ചെറുതായതുകൊണ്ട് അവൾ കരഞ്ഞു. അപ്പോൾ ചന്തു ചിന്നുവിന്റെ കരച്ചിൽ അകലെ നിന്നു കേട്ടു. ചന്തു അവിടെ നിന്ന് ചിന്നുവിന്റെ അടുത്തേക്ക് ഓടി. അപ്പോൾ കണ്ടത് ചിന്നു അവിടെ നിന്ന് വീണ് കിടന്നു കരയുന്നതാണ്.

ചന്തു അവളെ എഴുന്നേൽപ്പിക്കുവാൻ തുടങ്ങി. ചന്തു ചിന്നുവിനോട് പറഞ്ഞു, "തെറ്റായ വഴികളിലൂടെ പോയാൽ പല



അപകടങ്ങളും പതിയിരിക്കും. നമ്മുക്ക് ആ പഴങ്ങൾ പറിച്ചെടുത്ത് നമ്മുടെ വീട്ടിലേക്ക് പോകാം."

ഇതിൽ നിന്നും നമ്മുക്ക് മനസ്സിലാകുന്നത് ജീവിതയാത്രയിൽ ആദ്യ മാദ്യം ദുർഘടമായ വഴികളിലൂടെ ത്യാഗങ്ങൾ സഹിച്ച് യാത്ര ചെയ്താൽ പിന്നിട് നമ്മുടെ ജീവിതത്തിൽ സന്തോഷവും സമാധാനവും ഉണ്ടാകും.

*കൃഷ്ണേന്ദു*

# 3.ബുദ്ധിശാലിയായ നരി



പണ്ട് ഒരു കാട്ടിൽ ബുദ്ധിശാലിയായ നരി ഉണ്ടായിരുന്നു. ആ നരി അലഞ്ഞുതിരിഞ്ഞു നടക്കുമ്പോൾ ഒരു മുയൽ ചത്തുകിടക്കുന്നത് കണ്ടു. മുയലിനെ നരി തിന്നാൻ തുനിഞ്ഞപ്പോൾ ഒരു സിംഹം മെല്ലെ മെല്ലെ നടന്നു വരുന്നത് കണ്ടു.

നരി ആ മുയലിനു കാവൽ നിന്നു.സിംഹം അടുത്തെത്തിയപ്പോൾ നരി പറഞ്ഞു; "രാജാവേ അങ്ങേയ്ക്കു വേണ്ടിയാണ് ഞാൻ ഈ മുയലിന് കാവൽ നിന്നിരുന്നത്. അങ്ങ് ഇത് ഭക്ഷിച്ചാലും."

ചത്തുകിടക്കുന്നതിനെയെന്നും ഞാൻ ഭക്ഷിക്കാറില്ല. എന്നു പറഞ്ഞ് സിംഹം ഗർജ്ജിച്ചുകൊണ്ട് നടന്നു.

മുയലിനെ സിംഹം ഭക്ഷിക്കാത്തതുകൊണ്ട് നരിക്ക് സന്തോഷം മാത്രമേ ഉണ്ടായിരുന്നുള്ളു. അതെന്തെന്നാൽ നരിക്ക് ഒറ്റക്ക് മുയലിനെ ഭക്ഷിക്കാമെല്ലോ.

ഇത് നരിയുടെ ബുദ്ധി. ബുദ്ധിയുണ്ടെങ്കിൽ നമ്മുക്ക് ഏത് അപകടത്തിൽനിന്നും രക്ഷപ്പെടാം.

*ദേവിനന്ദന*

# 4.അഹങ്കാരിപ്പൂച്ച



പണ്ട് ഒരു നാട്ടിൽ ഒരു അഹങ്കാരിപ്പൂച്ച ഉണ്ടായിരുന്നു. പിന്നെ അവന്റെ സുഹൃത്തായ പട്ടിയും. അവർ രണ്ടുപേരും അടുത്തടുത്താണ് താമസിച്ചിരുന്നത്.

അന്ന് ഒരു ദിവസം;രാത്രിയായപ്പോൾ പൂച്ച അവന്റെ വീട്ടിൽ നിന്നും ഒരു ചെറിയ തീപ്പെട്ടിയെടുത്ത് പുറത്തിറങ്ങി.

അവൻ ഒരു മരത്തിന്റെ പുറകിൽ നിന്നും ആ തീപ്പെട്ടി കത്തിച്ച് ആ പാവം പട്ടിയുടെ വീട് കത്തിക്കാൻ നോക്കി. പക്ഷേ; പൂച്ചയെറിഞ്ഞത് അവന്റെ വീട്ടിലേക്കാണ് വീണത്

അഹംങ്കാരം ഉണ്ടായാൽ അവനിട്ട കുരുക്കിൽ അവനവൻ തന്നെ കുടുങ്ങും.

സത്യസന്ധതയിലും നന്മയിലും മാത്രം ചലിക്കാൻ സാധിക്കണം. അതിനാൽ തിന്മയെ കൈവിടാം.

അമൃത വി .എസ്

# 5.തവളയുടെ ബുദ്ധി



**പ**ണ്ട് ഒരു കാട്ടിൽ ബുദ്ധിയുള്ള തവളയുണ്ടായിരുന്നു. പിന്നെ ഭയങ്കരനായ പാമ്പും.

അന്ന് ഒരു ദിവസം തവള ശബ്ദമുണ്ടാക്കി നടക്കുമ്പോൾ പാമ്പ് തവളയെ തിന്നാൻ വേണ്ടി വാ പൊളിച്ച് പതുങ്ങിനിന്നു.

പാമ്പിന്റെ മുന്നിൽ അകപ്പെട്ട തവള പറഞ്ഞു. "ദേ നിന്റെ പിറകിൽ ഒരു കീരി."

ഇതു കേട്ട പാമ്പ് വേഗം ഇഴഞ്ഞുപോയി. അതിനാൽ തവള രക്ഷപ്പെട്ടു. ബുദ്ധിയുണ്ടെങ്കിൽ എത്ര ശക്തിമാനിൽ നിന്നും നമ്മുക്ക് രക്ഷപ്പെടാം.

*ആര്യ . സി . എസ്*



# 6. കുഞ്ഞിത്താറാവും കുഞ്ഞിക്കോഴിയും

ഒരിടത്തും ഒരു കുഞ്ഞിത്താറാവും അവന്റെ സുഹ്രത്ത് കോഴിക്കുഞ്ഞും ഉണ്ടായിരുന്നു. കുഞ്ഞു താറാവ് ഒരു ചെറിയ കുളത്തിൽ നീന്തുമ്പോൾ അവന്റെ സുഹ്രത്തായ കോഴി ഓടിവന്നു. കോഴിക്കുട്ടൻ ചോദ്ദിച്ചു. “നീ ഈ കുളത്തിൽ നീന്തുകയാണോ? ഞാനും നീന്താം.” എന്നു പറഞ്ഞ് കോഴിക്കുട്ടൻ കുളത്തിലേക്ക് ചാടി.

പക്ഷേ കോഴിക്കുട്ടന് നീന്താൻ പറ്റാത്തതിനാൽ അവൻ ഉറക്കെ നിലവിളിച്ചു. അവൻ പേടിയോടെ “അയ്യോ! എന്നെ രക്ഷിക്കണേ”.. എന്നു പറഞ്ഞു.കുഞ്ഞിതാറാവ് ചിറകിനാൽ പൊക്കിയെടുത്ത് കോഴിക്കുട്ടനെ കരയിൽ എത്തിച്ചു.

കോഴി പറഞ്ഞു. “നന്ദിയുണ്ട് സുഹ്രത്തെ എന്നെ രക്ഷിച്ചതിന്.”

“അത് സാരമില്ല. നീ കോഴിയാണ് അതിനാൽ നിനക്ക് നീന്താൻ പറ്റില്ല” ഇതിൽ നിന്നുള്ള ഗുണപാഠം ഇതാണ്. ഒരാൾക്ക് കിട്ടുണ കഴിവ് മറ്റൊരാൾക്ക് കിട്ടണമെന്നില്ല. ദൈവം ഓരോരുത്തരുക്കും ഓരോ കഴിവുകൾ കൊടുത്തിട്ടുണ്ട്. മറ്റൊരാളുടെ കഴിവിൽ അസൂയപ്പെടാതിരിക്കുക.

.

*അഭിജിത്ത് . സി .ആർ*


JUNIORS BILDARCHIV
FOTOSTOCK
SSJ-158219

# 7. മഹാപ്രളയം



**കേ**രളത്തിൽ 94 വർഷത്തിനു ശേഷം 2018 ആഗസ്റ്റ് മാസത്തിൽ പേമാരിയും പ്രളയ ജലവും നമ്മുടെ ലക്ഷകണക്കിന് ജനങ്ങളെ ദുരിതത്തിൽ ആഴ്ത്തി. ആ മഹാപ്രളയം നമ്മളെ ഒരു പാഠം പടിപ്പിച്ചു.

കേരളത്തിലെ ഒട്ടു മിക്ക സ്ഥലങ്ങളും മഹാപ്രളയത്തൽ ആണ്ടു പോയി. മനുഷ്യൻ അദ്ധ്വാനിച്ചുണ്ടാക്കിയ വീടുകൾ പലതും പ്രളയത്തിൽ ചീട്ടുകൊട്ടാരം പോലെ ഇടിഞ്ഞുവീണു. ലക്ഷക്കണക്കിനാളുകൾ ക്യാംമ്പുകളിൽ അഭയം തേടി.

പിന്നെ അവിടെ ജാതിമത ,സ്ത്രി പുരുഷഭേതമില്ലാതെ ദിവസങ്ങളോളം ക്യാംമ്പുകളിൽ കഴിഞ്ഞുകൂടി. പണക്കാരനെന്നോ പാവപ്പെട്ടവനെന്നോ ഇല്ലാതെ എല്ലാവരും ഒരുമയോടെ അവിടെ കഴിഞ്ഞു. നമ്മുടെ സമൂഹത്തിൽ നിലനിന്നിരുന്ന അഹങ്കാരവും അത്യാഗ്രഹവും എല്ലാം മാറ്റിവെച്ച് ആ പ്രളയത്തെ നമ്മൾ അതിജീവിച്ചു.

അഹങ്കാരവും അത്യാഗ്രഹവും ഒന്നും നിലന്നിൽക്കില്ലെന്നും മനുഷ്യസ്നേഹമാണ് ഏറ്റവും വലുത് എന്നും ഈ പ്രളയം നമ്മളെ പഠിപ്പിച്ചു.

*നെഹൽ . വി . ട്ടി*

# 8.തീരം തേടി

തണുപ്പുകാലമായിരുന്നു. കരിങ്കല്ല് വിരിച്ച നടപ്പാതയിലങ്ങുമിങ്ങുമായി വഴിവാണിഭക്കാർ കുളിർന്ന് കുനിക്കൂടിയിരിക്കുന്നു. റോഡിലൂടെ വളരെ ചുരുക്കം വാഹനങ്ങളെ കടന്ന് പോയെള്ളൂ. വരാന്തയിലിരുന്ന് ദിസവും ഇങ്ങനെ കാഴ്ച്ചകൾ കാണുന്നത് പാർവതിയമ്മയുടെ വിനോദമായിരുന്നു.

പാർവതിചേച്ചി "ഈ അച്ചപ്പത്തിന്റെ കൂട്ട് ശരിയായോ." ദേവികയുടെ ചോദ്യമാണ് പാർവ്വതിയമ്മയുടെ കാഴ്ച്ചയ്ക്ക് വിരാമമിട്ടത്.

നീ എന്താചോദിച്ചത് ഞാൻ ശെരിക്കും കേട്ടില്ല. പാർവ്വതിയമ്മ പറഞ്ഞു.

"കേൾക്കില്ല എനിക്കറിയാം ചേച്ചി ഇന്നും അമേരിക്കൻ സ്വപ്നത്തിലായിരിക്കും." ദേവിക കളിയാക്കി.

ഒന്നു പോടി എന്നു പാർവ്വതിയമ്മപ്പറഞ്ഞ് അവരുടെ ചുമലിൽ ഒന്നുമെല്ലെ തല്ലി. ദേവികയും മകളും പാർവ്വതിയമ്മയുടെ ഭർത്താവായ പരമേശ്വരൻ നായരുടെ അകന്ന ബന്ധത്തിലുള്ളതാണ്. ഇവരുടെ മകനായ മാധവൻ ജോലിക്ക് വിദേശത്ത് പോയപ്പോൾ അവരെ കൂട്ടിനായി കൊണ്ടുവന്നതാണ്. ദേവികയമ്മയ്ക്ക് ഒരു സഹായവും

പാർവ്വതിയമ്മക്ക് തണലുമായിരുന്ന ഈ സൗഹൃദം.

"നായരില്ലേ പാർവ്വതിയമ്മേ,? രണ്ടു ദിവസമായി കണ്ടിട്ട്." കൈമളിന്റെ ചോദ്യം വിണ്ടും അവരെ വരാന്തയിലേക്ക് ക്ഷണിച്ചു.

വരൂ കൈമളേട്ടാ! എന്തൊക്കെയുണ്ട് വിശേഷം.

വിശേഷം ഇവിടെയല്ലേ നിങ്ങൾ ്മേരിക്കയിലേക്ക് പോവുകയാണെന്ന നായരു പറഞ്ഞു.

എന്താ പോകുന്നത്?

കൈമൾ അടുത്ത വീട്ടിലെ താമസക്കാരനാണ്. സൂക്ഷിച്ച് ഇടപെടേണ്ട ആളാണ്. ഒരു വിവരം കിട്ടിയാൽ അതിലെ കിര്റങ്ങൾ മാത്രം കണ്ടെത്തി ആ പ്രദേശം മുഴുവൻ നിറയ്ക്കാൻ അദ്ദേഹത്തെ കഴിഞ്ഞിട്ടെ വേറെ ആൾ ഉള്ളൂ. ഒറ്റ നിമിഷത്തിലൂടെ പാർവ്വതിയമ്മയുടെ മനസ്സിലൂടെ ഇത്രയും കാര്യങ്ങൾ മിന്നി മറഞ്ഞു.

"രണ്ട് ദിവസത്തിനകം പോകും കൈമളേ."

ഉത്തരം പറഞ്ഞുകൊണ്ട് പരമേശ്വരൻ നായർ പുറത്തേക്ക് വന്നു.

"ആ ഇപ്പോൾ മക്കൾക്ക് വിദേത്ത് ജോലിയുണ്ടെങ്കിൽ മക്കളെ നോക്കാനെന്നും പറഞ്ഞ് പോകാം." കൈമൾ ആദ്യത്തെ വെടിപൊട്ടിച്ചു. പിന്നേ കൈമളേ കുട്ടികൾ വളർന്നാൽ അവരുടെ സൗകര്യത്തിന് ജീവിക്കാൻ വിടണം അല്ലാതെ വീട്ടിൽ തന്നെ തളച്ചിടാൻ പറ്റോ ? പരമേശ്വരൻ

നായരും വിട്ടുകൊടുത്തില്ല.

എന്നാലും അതല്ല അതിന്റെ ശരി കൈമൾ വിടാൻ ഭാവമില്ലായിരുന്നു.

എന്റെ കൈമളേ, എനിക്കൊന്നു പുറത്ത് പോകണം താൻ ചെല്ലൂ.... എന്നു പറഞ്ഞ് പരമേശ്വരൻ നായർ പുറത്തേക്കിറങ്ങി, കൂടെ കൈമളും. ഞങ്ങളുടെ മാധവൻ അങ്ങനെ ചെയ്യോ? പാർവ്വതീയുടെ മനസ്സ് പിടഞ്ഞു.


പാർവ്വതിയും പരമേശ്വരൻ നായരും അമേരിക്കയിലേക്ക് ചേക്കേറി. നാളുകൾ ഓടിയോടി മറഞ്ഞു. അവിചാരിയമായി മാധവൻ നാട്ടിലേക്ക് പോകാൻ തീരുമാനിച്ച വിവരം അവരെ അറിയിച്ചു. പെട്ടെന്നു അവരുടെ മനസ്സിൽ കൈമളിന്റെ മുഖം തെളിഞ്ഞു വന്നു. അച്ഛന്റേയും അമ്മയുടേയും മുഖം മങ്ങുന്നതു കണ്ട് മാധവനും അദ്ദേഹത്തിന്റെ ഭാര്യയായ നന്ദനയും മനസ്സിൽ ചിരിച്ചു.

അച്ഛാ, എനിക്ക് നാട്ടിലേക്ക് സ്ഥലംമാറ്റമായി, അമേരിക്കൻ കമ്പനി നാട്ടിലെ പുതിയ ശാഖയുടെ ചുമതല ഏൽപ്പിച്ചിരിക്കുന്നത് എന്നെയാണ്. ഇനി നമ്മൾ ഒരുമ്മിച്ച തറവാട്ടിൽ കഴിയും.

ഇതു കേട്ടപ്പോൾ പാർവ്വതിയമ്മയുടേയും പരമേശ്വരൻ നായരുടെയും മുഖത്ത് സന്തോഷത്തിന്റെ ആയിരം കിരണങ്ങൾ മിന്നി അത് പിന്നീട് മക്കളുടെ മുഖത്തേക്കും വ്യാപിച്ചു.........

## ഷീന . യൂ . സി





# 9. മഴയെന്ന മായപൊന്മാൻ

മഴയെന്നു കേട്ടെന്നാൽ
അറിഞ്ഞിരുന്നില്ല ഞാൻ
നീ ആരെന്നുമെന്തെന്നും
നിൻ ശക്തി ഞാനറിഞ്ഞീല
ഉയിദരകാനും ഉയിരെട്ടു
ക്കാനും നിനക്കാവും
വരണ്ടുണങ്ങുമീ മണ്ണിന്
പുതുജീവനേകാൻ നിനക്കാവും
അന്നാ പ്രളയദിനങ്ങളിൽ
സമഹാരതാണ്ഡവമാടീനീ

അതിലെത്രജിവൻ

പൊലിഞ്ഞു.....

എത്രപേർ അനാഥരായ്

നിൻ കരങ്ങൾ തൻ

വാത്സല്യം ഞാൻ അറിവൂ

ഒരിക്കലുമൊഴിയാതെൻ

മനതാരിൽ വെള്ളിന്നൂൽ

കളായ് പെയ്യു നീ

***അലീന . കെ .ബി***



# 10. വധശിക്ഷ

ഞാൻ കോറൽ കോവ്

നാളെ (12.1.2020) എന്റെ വധശിക്ഷയാണ്. ഇന്ന് എനിക്ക് ഉറങ്ങാൻ കഴിയുമെന്ന് തോന്നുന്നില്ല. അലെങ്കിൽത്തന്നെ കുറച്ചു ദിവസമായി എനിക്ക് ഉറക്കം നഷ്ടപ്പെട്ടിട്ട്. ഇന്ന് എന്റെ ശരീരത്തിൽ പല ഭാഗങ്ങളിലായി ദ്വാരങ്ങൾ ഉണ്ടാക്കി അവർ വെടിമരുന്നു നിറച്ചുവെച്ചു. മൂക്കിലേക്ക് മരുന്നിന്റെ ഗന്ധം കുതിച്ചുകയറുന്നു. ഞാൻ വലിയെരുതെറ്റുകാരനാണെന്ന് നീതിപീഠം പറയുന്നു. പക്ഷേ ഞാൻ എന്ത് പിഴച്ചു.? പ്രകൃതിയയെകൊന്നുകൊണ്ട് എന്നെ എന്തിനു സൃഷ്ടിച്ചു. എന്തിനാണ് എനിക്ക് പവിഴം എന്നു പേരിട്ടത്.? ആയിരം ചോദ്യങ്ങൾ എന്റെ നാവിന്റെ തുമ്പത്ത് തത്തികളിക്കുന്നു. എന്റെ കൂട്ടാളികളെ മണ്ണിലേക്ക് തിരിച്ചയച്ചു. ഇഷ്ടഭക്ഷണം എന്റെ മുന്നിൽ കൊണ്ട് വെച്ച് അവർ നടന്നകന്നു. 'കടൽതീരത്തെ വെള്ള അയ്യപ്പൻ' വെള്ളായിയപ്പനെപ്പോലെ ഒരാൾ മാത്രമല്ല എന്നെ ഏറ്റുവാങ്ങൻ വരുന്നത്. നിരവധി കണ്ണുകൾ എന്റെ ശരീരത്തെ ഒപ്പിയെടുക്കാൻ തയ്യറായി വരും. സമയം കടന്നുപോയികൊണ്ടിരിക്കുന്നു ഞാനും അവസാന ഉറക്കത്തിന് കാത്തിരിക്കുകയാണ്. എനിക്ക് എല്ലാവരോടും ഒന്നുമാത്രം പറയാനുള്ളു നന്ദി നന്ദി നന്ദി....... കോറൽകോവ് കൈകൾ രണ്ടും കൂപ്പിനിന്നു, തലയ്ക്കു മുകളിൽ കയർ എന്നെ നോക്കി ചിരിച്ചുകൊണ്ട്

നിൽക്കുന്നുണ്ടായിരുന്നു.

***ലിബി . ടി. എസ്***

# 11 . പ്രളയാനന്തരം

**ജീ**വിതത്തിൽ ഇതുവരെ അവർ ഞങ്ങളോട് മിണ്ടിയിരുന്നില്ല. ഞങ്ങളുടെ പരിസരത്ത് ആകെ, രണ്ട് വീടേ ഉള്ളൂ. അത് എന്റെ യും അവന്റെയുമാ. അതിൽ എന്റെ വീട് ഒത്തിരി ഉയരത്തിലാണ്. എന്നാൽ ധനംകൊണ്ടും സമ്പത്തുകൊണ്ടും എന്നെക്കാൾ ഉയരത്തിൽ അവനാണ്. അതിന്റെ അഹങ്കാരമാണോ അതോ ഞങ്ങൾക്ക് അവരുടെ അത്രെയും പണം ഇല്ലാത്തതുകൊണ്ടോ എന്തോ കണ്ടാൽ ചിരിക്കാറുപ്പോലും ചെയ്യില്ലായിരുന്നു. അങ്ങനെയിരിക്കേ കേരളത്തെ മുഴുവൻ ആധിയിൽ വീഴ്ത്തികൊണ്ട് പ്രളയം വന്നു. ആദ്യം കൺച്ചിമ്മാണ്ട് ഞങ്ങൾ T.V-യിലേക്ക് നോക്കിനിന്നു പിന്നീട് T.V-യിലെ സിഗിനൽ കിട്ടാണ്ടായി. രണ്ടു ദിവസം കഴിഞ്ഞിട്ടും എനിക്ക് പുറത്തിറങ്ങാൻ പറ്റുന്നില്ല ഗേയ്റ്റ് കഴിഞ്ഞാൽ മുഴുവൻ വെള്ളം നോക്കിനിൽക്കേ വെള്ളത്തിന്റെ ഉയരം കൂടാൻ തുടങ്ങി. ഞാൻ പുറത്തുനിന്ന് അവരുടെ വീട്ടിലേക്ക് എത്തിനോക്കാൻ തുടങ്ങി. വെള്ളം അവരുടെ വീടിന്റെ പടിക്കഴിഞ്ഞ് വീടിന്റെ ഉള്ളിലേക്ക് കയറാൻ തുടങ്ങിയിരിക്കുന്നു. ഇത് കണ്ട് എന്റെ ഭാര്യ എന്നോട് പറഞ്ഞു 'വരേ വരാണ്ടിരിക്കേ അയൽക്കാരല്ലേ ഒന്നു പോയി വിളിക്ക് ഇങ്ങോട്ട് വരാൻ പറ' അവളുടെ നിർബന്ധത്തിനു വഴങ്ങിയില്ല അവളുടെ നല്ല മനസ്സിനെ മാനിച്ചുകൊണ്ട് ഞാൻ അവരെ കാണാൻ ചെന്നു. വെള്ളത്തിൽ നീന്തി അവിടെ എത്തി അവരുടെ പടി ചവിട്ടിയപ്പോൾ അവിടെ അദ്യമായി ഞാൻ ഈ പടി ചവിട്ടിയ ദിവസം ഓർമ്മ വന്നു. അന്ന് ഒരു സഹായം ചോദിച്ചുകൊണ്ടാണ് ഞാൻ വന്നത്





അന്ന് അവൻ എന്നെ പരിഹസിച്ചു. എന്റെ സഹായഭ്യർത്ഥന നിരസിച്ചു. പിന്നീട് ഞാൻ ഒന്നിനു വേണ്ടിയും ഈ പടി ചവിട്ടില്ല ദാ ഇപ്പോൾ വീണ്ടും ഞാൻ ആ പടി ചവിട്ടുന്നു സഹായം അഭ്യർത്ഥിച്ചുകൊണ്ടല്ല സഹായം നീട്ടികൊണ്ട്.ഞാൻ വീടിന്റെ വാതിലിൽ മുട്ടി. രണ്ട് കുഞ്ഞി കുട്ടികൾ ജാക്കറ്റ് ധരിച്ച് ഓടി വരുന്നു. അവർ തമ്മിൽ ഒന്നോ രണ്ടോ വയസ്സ് വ്യത്യാസമേ കാണൂ. പിന്നിലായിട്ട് അവരുടെ അമ്മ വരുന്നുണ്ടായിരുന്നു. അവർ എന്നോട് മാന്യമായിട്ട്ചോദിച്ചു 'എന്താ ചേട്ടാ എന്താ വേണ്ടേ ?' അതേ മാന്യത അത് ഞാനും കൈവിട്ടില്ല 'വെള്ളം ഇനിയും ഉയരാൻ സാധ്യതയുണ്ട് ഈ രണ്ട് കുട്ടികളേയും കോണ്ട് ക്യാംപിൽ പോകാൻ എന്നുവച്ചാൽ അത് വളരേ ബുദ്ധിമുട്ടല്ലേ എന്റെ വീട്ടിൽ ഞാനും എന്റെ ഭാര്യയും മാത്രമേ ഉള്ളൂ. നിങ്ങൾക്ക് വിരോധമില്ലെങ്കിൽ അവിടെ വന്നു നിൽക്കാം. അവിടെ എന്തായാലും രണ്ടാം നിലയുടെ മുകളിൽ വെള്ളം കയറുകയില്ല അതു കൊണ്ട് നിങ്ങൾ പേടിക്കേണ്ട' 'ഞാൻ ചേട്ടായിയോട് ചോദ്ദിക്കട്ടെ' എന്നും പറഞ്ഞ് അവർ അകതേക്ക് പോയി. ആദ്യം അവിടെ നിന്നും കേട്ടത് ഇത്രമാത്രം 'വേണ്ട' പിന്നീട് എന്താ സംഭവിച്ചതെന്ന് എനിക്കറിയില്ല. അവർ ഞങ്ങളോടൊപ്പം ഞങ്ങളുടെ വീട്ടിൽ വരാൻ സമ്മതിച്ചു. ഒരിത്തിരി സാധനങ്ങളുമായി വന്ന അതിഥിയെ എന്റെ ഭാര്യ നല്ല രീതിയിൽ വരവേറ്റു. അവരുടെ കുട്ടികളുടെ ചിരിയും കളിയും ഇത്രനാൾ ഉറങ്ങിയിരുന്ന വീടിനെ ഒന്ന് ഉണർത്തിച്ചതുപോലെ തോന്നിച്ചു. എന്റെ ഭാര്യയും അവന്റെ ഭാര്യയും തമ്മിൽ കൂട്ടായി. എന്നിട്ടും അവൻ മാത്രം എന്നോട് മിണ്ടിയില്ല. ഒന്നു മിണ്ടിക്കാൻ ഞാൻ ചോദ്ദിച്ചു. 'എന്താ ജോലി ?' 'buiseness' പിന്നീട് വർത്തമാനം കൂടി. അങ്ങനെ ദിവസങ്ങൾ പോയി ഞങ്ങൾ താഴേ നിന്നും

മുകളിലേക്ക് സാധനങ്ങളുമായി മാറി. അങ്ങനെയിരിക്കേ സംസാരത്തിനിടയിൽ ഞങ്ങൾഒരു കാര്യം മനസ്സിലാക്കി. എനിക്ക് നഷ്ടപ്പെട്ടുപോയ സുഹൃത്താണ് അവൻ എന്ന്. പണത്തേക്കാൾ വലുതാണ് സുഹൃത്ത് എന്ന് എന്നെ പഠിപ്പിച്ച അവൻ സുഹൃത്തിനെ മറക്കാനുള്ള കാരണം വെറും പണമായി മാറി. പ്രളയം അത് ദുരിതം മാത്രമല്ല സമ്മനങ്ങളും നൽകി. അതിൽ ഒരു സമ്മാനമാണ് എനിക്ക് അവനിലൂടെ കിട്ടിയത്. പ്രകൃതിയൊരുക്കുന്ന നല്ലതിനും ചീത്തയായതിനും ഒരു നല്ല വശമുണ്ടാകും. ഈ ഒരു പ്രളയത്തിലൂടെ ഈ ലോകം ഒന്നാണ് എന്ന് നമ്മെ മനസ്സിലാക്കി തരുന്നു. നമ്മൾ ചെയ്യിന്ന പ്രവർത്തിക്ക് പ്രകൃതി തരുന്ന ശിക്ഷയാണ് ഈ ദുരന്തങ്ങൾ. നമ്മൾ അർഹിക്കുന്നതെന്താണോ അതേ പ്രകൃതി നമ്മുക്ക് തരുകയുള്ളൂ.

കീർത്തന പ്രദീപ്

# 12 . പടിയിറങ്ങുമ്പോൾ

**എ**ന്തുഞാൻ പറയണം
പടിയിറങ്ങുമീ വേളയിൽ
വന്ദ്യരാം ഗുരുക്കന്മാരോടും
പ്രിയരാം കുട്ടികളോടും
എന്തുഞാൻ പറയണം
പടിയിറങ്ങുമീ വേളയിൽ

അറിവിൻ വഴിവിളക്കുകളായ്
നിങ്ങൾ വെളിച്ചം വിതറിയ
വഴിയിലൂടെ ഇടറാതെ മുന്നേറാൻ
അനുഗ്രഹാശിസ്സുകൾ ചൊരിയണേ
വന്ദ്യരാം ഗുരുജനങ്ങളേ.....

എൻചിരികളിലൊപ്പം ചിരിച്ച്
എൻകണ്ണീരിലൊപ്പം കരഞ്ഞ്
കൈപിടിച്ചെന്നിലെയെന്നെ
ചേർത്തുപിടിച്ച സൗഹൃതങ്ങളെ
എന്തുഞാൻ പറയണം

പടിയിറങ്ങുമീ വേളയിൽ
കാലത്തിൻ വഴികളിൽ
നീണ്ടുപോകുന്ന യാത്രയിൽ
എത്രയേറേ മുഖങ്ങൾ
മാറിമാറി വന്നീടിലും
പ്രിയവിദ്യാലയമേ... നീയും
നീ സമ്മാനിച്ചയെൻ പ്രിയ
ഗുരുജനങ്ങളും കൂട്ടുകാരും
ഏഴുവർണ്ണങ്ങളാൽ
മാരിവിൽ ചമെച്ചൻ
മനതാരിൽ നിറഞ്ഞുനില്ക്കും...............

*സാനിയ . കെ . എസ്*

# 13. കാട്ടിലെ പോരാട്ടം

ഇന്ന് മനുഷ്യ വർഗം പ്രപഞ്ചം മുഴുവൻ തന്റെ കാൽകീഴിലാക്കുന്നതിനുള്ള പോരാട്ടത്തിൽ ഏർപ്പെട്ടിരിക്കുന്നു. ഈ പോരാട്ടത്തിനിടയ്ക്ക് നാം നിവസിക്കുന്ന ഈ ഭൂമാതാവിന് എന്ത് സംഭവിക്കുന്നു എന്ന് വിലയിരുത്താൻ അവൻ തയ്യാറല്ല. പ്രപഞ്ചം മുഴുവൻ അവന്റെ കാൽകീഴിലാണെന്ന മിഥ്യാധാരണയിൽ അഹങ്കാര ജഡിലമായ മനസ്സോടെ പ്രവർത്തിച്ച് ഭൂമീദേവിക്ക് നാശകാരിയായിരിക്കുന്നു, മനുഷ്യവർഗ്ഗം. ' ഇനിയും മരിക്കാത്ത ഭൂമി' യെ ഓർത്ത് നൊമ്പരം കൊള്ളുന്ന ഒ.എൻ.വി കുറുപ്പിനെ ഇവിടെ സ്മരിക്കുന്നു. മഹാനായ സാഹിത്യ നായകൻ വൈകം മുഹമ്മദ് ബഷീർ നമ്മെ ഉദ്ബോധിപ്പിച്ചിട്ടുള്ളതും മറ്റൊന്നല്ല. ഈ 'ഭൂമിയുടെ അവകാശികൾ' മനുഷ്യർ മാത്രമല്ല. എല്ലാ ജീവജാലങ്ങൾക്കും സുഖമായി വിഹരിക്കുന്നതിനു വേണ്ടിയാണ് ഭൂമി സൃഷ്ടിക്കപ്പെട്ടിട്ടുള്ളത്.

കാട്ടു ഝന്തുക്കൾക്കുവേണ്ടി കാടും ജലജീവികൾക്കുവേണ്ടി ജലാശയവും മനുഷ്യവർഗ്ഗത്തിനു നാടും എന്നാണ് പ്രകൃതിയുടെ നിയോഗം





ഈ അടുത്ത കാലത്തായി മാധ്യമങ്ങളിൽ വരുന്ന വാർത്ത ഈ അവസരത്തിൽ ഓർക്കുന്നു. കാട്ടിൽ നിന്നുംകാട്ടാനകൾ കൂട്ടത്തോടെ ഇറങ്ങിവന്ന് നാശനഷ്ടങ്ങൾ ഉണ്ടാക്കുന്നു. പുലിയും കടുവയും കാട്ടുപന്നിയും മാനുകളും തുടങ്ങി അനേകം കാട്ടുജന്തുക്കൾ മനുഷ്യജീവിതത്തിന് ഭീഷിണിയായിരിക്കുന്നു.

പക്ഷിമൃഗാതികൾ സ്വൈര വിഹാരം നടത്തിയിരുന്ന കാട്ടുപ്രദേശങ്ങൾ കൈയേറി കാടുതന്നെ ഇല്ലാതാവുന്ന സ്ഥിതി വിശേഷം ഉണ്ടായപ്പോൾ കാട്ടുജീവികൾ ജീവിക്കാൻവേണ്ടി പണ്ടു കാടായിരുന്ന സ്ഥലത്തേക്ക് എത്തുന്നു. ഇവിടെ ആരാണ് കുറ്റക്കാർ? പ്രകൃതിയുടെ സന്തുലിതാവസ്ഥ തകർക്കുന്ന മനുഷ്യവർഗ്ഗം താൻ ജീവിക്കുന്ന ഭൂമിയെ ചുട്ടു ചാമ്പലാക്കുന്നു. പുനർചിന്തനത്തിന് നാം തയ്യാറല്ലങ്കിൽ താമസിയാതെ ഈ ലോകത്തിനു സംഭവിക്കുന്ന നാശം ഭയാനകമായിരിക്കും. നാം പ്രകൃതിയിലേക്ക് മടങ്ങിപ്പോകേണ്ട സമയം ആഗതമായിരിക്കുന്നു.

ഭാവി പൗരന്മാരിൽ ഈ പിന്താഗതി വളർത്തിയെടുക്കാൻ ഈ പുസ്തകം ഉപകരിക്കണം എന്ന് ആഗ്രഹിക്കുന്നു.

സചിൻ ഒ.എം

# 14. കച്ചവടക്കാരന്റെ കഴുത

കേട്ടോ കുട്ടുകരേ..... നമ്മുടെ നാട്ടിലെ ഒരു പഴയ ഗ്രാമം. ഗ്രാമം എന്നു പറഞ്ഞാൽ പോരാ ഒരു കുഗ്രാമം.അവിടെ ഒരു കച്ചവടക്കാരൻ.“ അയാൾക്ക് ഒരു കഴുത?” എന്ന്. ആവശ്യമുണ്ട്.

ഇന്നത്തെപ്പോലെ കാർ,ബസ്സ്,ലോറി,ഓട്ടോ ഇതൊന്നും ഇല്ലാത്തകാലം. കാളവണ്ടിയിലും കഴുതപ്പുറത്തും കയറ്റിയാണ് അക്കാലത്ത് ദൂരദേശങ്ങളിൽ നിന്നും സാധനങ്ങൾ കൊണ്ടുവന്നിരുന്നത്. നമ്മുടെ കച്ചവടക്കാരൻ അങ്ങ് ദൂരെയുള്ള പട്ടണത്തിലെ ചന്തയിൽ നിന്നും വരികയാണ്. കൂടെ അയാളുടെ കഴുതയും ഉണ്ട്. കച്ചവടത്തിനായി ചന്തയിൽ നിന്നും വാങ്ങിയ സാധനങ്ങൾ മുഴുവൻ, കഴുതയുടെ പുറത്തുവച്ചു കേട്ടിയിരുന്നു. പാവം കഴുത! സാധനങ്ങളുടെ ഭാരം കൊണ്ട് അതിന് നടക്കാൻ പോലും വയ്യ. എങ്കിലും നടന്ന് നടന്ന് പകുതി ദൂരം എത്തിയപ്പോൾ, അത് അനങ്ങാതെ ഒരിടത്തുനിന്നു. നമ്മുടെ കച്ചവടക്കാരന് കഠിനമായ കോപം വന്നു.
കൈയിലുണ്ടായിരുന്ന മുട്ടൻ വടികൊണ്ട് അയാൾ കഴുതയെ പൊതിരെ തല്ലി. തല്ലു കൊണ്ടപ്പോൾ കഴുത മെല്ലെ നടക്കാൻ തുടങ്ങി. “കള്ള കഴുതേ, അടികൊണ്ടാലേ നടക്കൂ, അല്ലേ?” എന്നു പറഞ്ഞ് വിണ്ടും അടിച്ചു. “കണ്ണിൽ ചോരയില്ലാത്ത മനുഷ്യൻ” എന്നു കഴുത അയാളെ പിരിയാക്കി.

ഉച്ചയായപ്പോൾ അവർ ഗ്രാമത്തിൽ എത്തി. ഓരോ വീട്ടിലും കയറി സാധനങ്ങൾ വിറ്റു. അയാൾക്ക് ധാരാളം പണം കിട്ടി. കഴുതയ്ക്ക് ധാരാളം അടിയും കിട്ടി. വൈകുന്നേരം ആയപ്പോൾ വീട്ടിൽ എത്തി. എന്നും ഇതായിരുന്നു പതിവ്. ഞായറാഴ്ച്ച കച്ചവടം ഇല്ല. ഒഴിവു ദിവസം വന്നെത്താൻ കഴുത കാത്തിരിക്കും അന്ന് കച്ചവടക്കാരന്റെ വീടിന്റെ പരിസരത്ത് അത് ചുറ്റിനടക്കും. കഴുതയ്ക്ക് കച്ചവടക്കാരന്റെ വീട്ടിൽ നിന്നും രക്ഷപ്പെട്ട് എങ്ങോട്ടെങ്കിലും പോകണമെന്നാണ്.

“ ഞാനിങ്ങനെ ചുമടെടുത്ത് നടക്കാൻ തുടങ്ങിയിട്ട് കാലമെത്രയായി. എന്റെ പുറത്ത് വെച്ചുകെട്ടുന്ന സാധനങ്ങളുടെ ഭാരം കൊണ്ട് എന്റെ നട്ടെല്ലൊടിഞ്ഞ് ഞാൻ ചാകും എന്റെ സങ്കടം ആരോടാണ് പറയുക.”ഇങ്ങനെയെല്ലാം ചിന്തിച്ച് വിഷമിച്ച് നടക്കും.

നന്ദു കെ. എസ്



# 15. മുതലയെ പാഠം പഠിപ്പിക്കുന്നു

എഴുത്തു പള്ളിക്കൂടത്തിൽ നിന്നും നടന്നകന്ന കഴുത അടുത്തുള്ള പുഴയുടെ തീരത്തേക്ക് നടന്നു. പുഴയിലേക്ക് ഇറങ്ങുന്ന ഭാഗത്ത് എന്തോ കിടക്കുന്നത് കണ്ട് അവിടെ നിന്നു. ഒരു മരത്തടി കിടക്കുന്നതു പോലെ തോന്നി. കുറച്ചുകൂടി അടുത്തുചെന്നപ്പോൾ അവിടെ കിടക്കുന്നത് മുതലയാണെന്ന് മനസ്സിലായി.ഭീകരനായ മുതല വായും പിളർന്ന് കിടക്കുകയാണ്.

എഴുത്തു പള്ളിക്കൂടത്തിൽനിന്നും വരുന്ന പിള്ളേരേ ഈ മുതല പിടിച്ചുതിന്നും. ഇവനെ ഇവിടെ നിന്നും ഓടിച്ചില്ലെങ്കിൽ കുട്ടികൾക്ക് ആപത്താകും. ഒരു വലിയ പാറക്കല്ല് മുതലയുടെ വായിലേക്ക് ഉരുട്ടിവിട്ടു. മുതലയ്ക്ക് വായ അടയ്ക്കാൻ പറ്റാതായി. ക്ലാസിൽ ദുർഗന്ധം പരന്നപ്പോൾ കുട്ടികൾ 'അം' എന്നു പറഞ്ഞ് വായപൊത്തിപിടിക്കുന്നു. "അഃ" എന്ന് അലറികൊണ്ട് ആശാൻ കഠിനമായകോപത്തോടെ പുറത്തേക്ക് പാഞ്ഞു.

കൃഷ്ണ. കെ.ബി

